# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 4961** **21.10.2011 - ൽ മറുപടിക്ക്**

## കൈത്തറി വസ്ത്രങ്ങൾ വ്യാപകമാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എ.അസീസ് | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി |
| (എ) കൈത്തറി തൊഴിലാളികളുടെ ഉന്നമനത്തിനായി എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) കൈത്തറി തൊഴിലാളികളുടെ ഉന്നമനത്തിനായി നിലവിലുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. മഹാത്മാഗാന്ധി ബങ്കർ ബീമാ യോജന<br>2. ആരോഗ്യ ഇൻഷുറൻസ് പദ്ധതി<br>3. അംശദാന മിതവ്യയ പദ്ധതി<br>4. ഇൻകം സപ്പോർട്ട് സ്കീം |
| (ബി) കൈത്തറി വസ്ത്രങ്ങൾ വ്യാപകമാക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) കൈത്തറിയുടെ പ്രചരണത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിനായുള്ള പ്രവർത്തനത്തിനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1. കൈത്തറി വസ്ത്രങ്ങളുടെ പ്രചരണത്തിനായി വാരാന്ത്യങ്ങളിൽ കേരളീയ ജനസമൂഹത്തോട് കൈത്തറി വസ്ത്രങ്ങൾ ഉപയോഗിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഉത്തരവായിരുന്നു.<br>2. കൈത്തറി ഉൽപന്നങ്ങളുടെ ഗുഡ് വിൽ അംബാസിഡറായ പ്രമുഖ ചലച്ചിത്രതാരം ശ്രീ.മോഹൻലാലിന്റെ ചിത്രം ഉൾപ്പെടുത്തികൊണ്ടുള്ള പ്രചാരണങ്ങൾ നടത്തി വരുന്നു.<br>3. കഴിഞ്ഞ വർഷത്തേതുപോലെ 17 എഫ്.എം. സ്റ്റേഷൻ മുഖാന്തിരം കൈത്തറി വസ്ത്രങ്ങളുടെ പ്രചരണം നടത്തുവാൻ ഉദ്ദേശിക്കുന്നു. ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ സമയത്ത് ഈ വർഷവും എഫ്.എം.റേഡിയോ വഴി കൈത്തറി വസ്ത്രങ്ങളുടെ പ്രചരണം നടത്താൻ ഉദ്ദേശിക്കുന്നു.<br>4. കഴിഞ്ഞ ഓണക്കാലത്ത് ഒരു മിനിറ്റ് ദൈർഘ്യമുള്ള പരസ്യ ചിത്രം ടെലിവിഷൻ ചാനലുകളിൽ സംപ്രേക്ഷണം ചെയ്തിരുന്നു. തുടർന്നും അപ്രകാരമുള്ള പരിപാടികൾ സംപ്രേക്ഷണം ചെയ്യാൻ ഉദ്ദേശിക്കുന്നു. |

5. ഓണം വാരാഘോഷത്തിന്റെ ഭാഗമായി കൈത്തറിയുടെ ഫ്ളോട്ട് സംഘടിപ്പിക്കുകയും പ്രിന്റ് മീഡിയ വഴി പ്രചരണം നടത്തുകയും ചെയ്യുന്നു.

6. കേരളത്തിലെ പ്രമുഖ കൈത്തറി മുദ്രകളായ ബാലരാമപുരം കൈത്തറി, ചേന്ദമംഗലം കൈത്തറി, കാസർഗോഡ് കൈത്തറി, കുത്താംപുള്ളി കൈത്തറി, കണ്ണൂർ ഫർണിഷിംഗ് എന്നീ ഉൽപന്നങ്ങളുടെ പ്രചരണാർത്ഥം ഡോക്യുമെന്ററികൾ തയ്യാറാക്കി ദൂരദർശൻ വഴി സംപ്രേക്ഷണം ചെയ്ത് വരുന്നു.

**സെക്ഷൻ ഓഫീസർ**